(എ) പ്രധാനമന്ത്രിയുടെ സഡക് യോജന, റോസ്ഗാർ യോജന, നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചറർ ഡവലപ്പ്മെന്റ് ഫണ്ട് എന്നിവയിൽ നിന്നും ഈ സർക്കാർ നിലവിൽ വന്നശേഷം ലഭിച്ച തുകകൊണ്ട് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു;

(ബി) ഈ റോഡുകളുടെ മെയിന്റനൻസ് നടത്തേണ്ടത് ആരാണ്;

(സി) ഇതിന്റെ മെയിന്റനൻസ് ക്രമമായി നടക്കുന്നുണ്ടോ;

(ഡി) ഇവ ടാർ ചെയ്ത റോഡുകളാണോ;

(ഇ) ഈ റോഡുകൾ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ പര്യാപ്തമാണോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ., എസ്.ജി.ആർ.വൈ., ആർ.ഐ.ഡി.എസ്. എന്നീ പദ്ധതികൾ പ്രകാരം നിർമ്മിച്ച റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു:

പദ്ധതിയുടെ പേര്	റോഡുകളുടെ നീളം (കി. മീറ്റർ)
പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന	118.23
സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന	1463.17
നബാർഡ് (ആർ. ഐ. ഡി. എസ്.)	വിവരം ശേഖരിച്ചുവരുന്നു

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഗ്രാമീണ റോഡുകളുടെ സംരക്ഷണവും പുനരുദ്ധാരണവും നിർവ്വഹിക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളാണ്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മെയിന്റനൻസ് നടക്കുന്നുണ്ട്.

(ഡി) പി.എം.ജി.എസ്.വൈ., ആർ.ഐ.ഡി.എസ്. എന്നിവ പ്രകാരം നിർമ്മിച്ച റോഡുകൾ ടാർ ചെയ്തവയാണ്.

(ഇ) പര്യാപ്തമാണ്.

ഗ്രാമീണ തൊഴിൽദാനത്തിന് കേന്ദ്ര പദ്ധതി

68 [5943] ശ്രീ. വർക്കല കഹാർ:
,, ഡി. സുഗതൻ:
,, ലൂഡി ലൂയിസ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗ്രാമീണ തൊഴിൽ ദാനത്തിന് കേന്ദ്ര ഗവൺമെന്റിന് എന്തെല്ലാം പദ്ധതികളാണുള്ളത്;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഈ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എത്രപേർ അപേക്ഷിച്ചു;

(സി) അതിൽ എത്രപേർക്ക് ആനുകൂല്യം നൽകി;

(ഡി) ഒട്ടാകെ എന്ത് തുകയാണ് ഈ ഇനത്തിൽ നൽകിയത്;

(ഇ) കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രസ്തുത തുക ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഈ തുക മടക്കി നൽകേണ്ടതുണ്ടോ?

ഉത്തരം

(എ) ഗ്രാമീണ തൊഴിൽ ദാനത്തിനായി സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.) പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജനയിൽ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. ഈ പദ്ധതിക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നത് അപേക്ഷ ക്ഷണിച്ചില്ല.

എന്നാൽ ഗ്രാമീൺ സ്വയംതൊഴിൽ പദ്ധതിയായ എസ്.ജി.എസ്.വൈ. പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതിയിൽ വായ്പാ സഹായത്തിനായി 2668 സ്വയം സഹായ ഗ്രൂപ്പുകളും 49460 വ്യക്തികളും അപേക്ഷ നൽകിയിട്ടുണ്ട്.

(സി) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരം ആനുകൂല്യങ്ങൾ നൽകുകയല്ല മറിച്ച് തൊഴിലവസരങ്ങൾ നൽകുകയാണ് ചെയ്യുന്നത്. സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പ്രകാരം 1738 സ്വയം സഹായ ഗ്രൂപ്പുകൾക്കും 22991 വ്യക്തികൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും സബ്സിഡിയും നൽകിയിട്ടുണ്ട്.

(ഡി) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന പ്രകാരം 60.95 കോടി രൂപ വായ്പയായും 32.72 കോടി രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്.

(ഇ) സമ്പൂർണ്ണ റോസ്ഗാർ യോജനയുടേയും സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജനയുടേയും 75 ശതമാനം വിഹിതം കേന്ദ്ര സഹായമായി ലഭിക്കുന്നുണ്ട്. ഈ തുക മടക്കി നൽകേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly